**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1292** **07.06.2018 ൽ മറുപടിക്ക്**

**കണ്ണൂർ ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| **ചോദ്യം**<br>**ശ്രീ.കെ.സി.ജോസഫ്** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ടൗൺ നവീകരണത്തിന് തത്വത്തിൽ ഭരണാനുമതി നൽകിയ സാഹചര്യത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ടൗൺ നവീകരണത്തിനായി 3.3.2016 ലെ സ.ഉ (സാ.ധാ) നം.544/2016/പൊ.മ.വ പ്രകാരം 477 ലക്ഷം രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത് അനുസരിച്ച് ടെണ്ടറിനു മുൻപുള്ള Formal concurrence നു വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ തുടർന്ന് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരുന്ന വിശദാംശങ്ങൾ നൽകുന്നതിനായി കണ്ണൂർ, നിരത്തു വിഭാഗം, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. |
| (ബി) മലയോര ഹൈവേയിലുള്ള ആലക്കോട്, കരുവഞ്ചാൽ, നുച്യാട് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (ബി) മലയോര ഹൈവേയിലുള്ള ആലക്കോട് പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. കരുവഞ്ചാൽ പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. നുച്യാട് പാലം നിർമ്മാണത്തിനായി D.F.I.P യിൽ ഉൾപ്പെടുത്തി ഇപ്പോൾ പ്രവൃത്തി നടന്നുവരുന്ന മലയോര ഹൈവേ പുനരുദ്ധാരണ പ്രവൃത്തിയിൽ 9.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് കണ്ണൂർഎക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു. |
| (സി) മലയോര ഹൈവേയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഈ പാലങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**